5044
14/3/19

**കേരള സർക്കാർ**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല - ചാല ടാങ്കർ ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്ത വകയിൽ വാഹന വാടകയിനത്തിൽ നൽകുവാനുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**സ. ഉ. (ആർ.ടി) നം. 563/2019/റവ.   തിരുവനന്തപുരം, തീയതി: 18.02.2019**

---

പരാമർശം: 1. 17.09.2012, 27.09.2012, 20.11.2012 തീയതികളിലെ സ.ഉ (കൈ) നം. 353/2012-Rev, 363/2012-Rev, 437/2012-Rev ഉത്തരവുകൾ.
2. കണ്ണൂർ ജില്ലാ കളക്ടറുടെ Ref-M1/41953/2012 നമ്പർ കത്ത്.
3. ശ്രീ. ശൈലേഷ്, താഴെചൊവ്വ, 02.11.2018 ൽ സമർപ്പിച്ച നിവേദനം.
4. കണ്ണൂർ ജില്ലാ കളക്ടറുടെ 10.01.2019 ലെ DCKNR/11197/2016/DM1 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചാലയിൽ 27.08.2012 ൽ ഉണ്ടായ ടാങ്കർ ദുരന്തത്തിൽ ഇരയായവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിലേയ്ക്കായി പരാമർശം (1) പ്രകാരം അഞ്ച് കോടി രൂപ അനുവദിച്ചിട്ടുള്ളതും, 06.09.2012 ലെ സ.ഉ (കൈ) നം. 333/2012-Rev പ്രകാരം ടി തുക വിതരണം ചെയ്യുന്നതിലേയ്ക്കുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു. ഇതിൻ പ്രകാരം ആകെ 4,83,50,518/- രൂപ (നാല് കോടി എൺപത്തിമൂന്ന് ലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറ്റി പതിനെട്ട് രൂപ മാത്രം) വിതരണം ചെയ്തിട്ടുള്ളതായി പരാമർശം (4) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്ത വകയിൽ വാഹനവാടകയിനത്തിൽ ചിലവായ 47,500/- രൂപ (നാൽപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടറും പരാമർശം (3) പ്രകാരം ശ്രീ. ശൈലേഷ്, താഴെചൊവ്വയും അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചാല ടാങ്കർ ദുരന്തത്തിൽ ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്ത വകയിൽ വാഹന വാടകയിനത്തിൽ ചെലവായ **47,500/- രൂപ (നാൽപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം)** പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച തുകയിൽ മിച്ചമുള്ള തുകയിൽ നിന്നും വിതരണം ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ
തഹസിൽദാർ, കണ്ണൂർ
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
T. [signature]
സെക്ഷൻ ഓഫീസർ